പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1459 — 13-06-2014 ൽ മറുപടിക്ക്

**കാർഷിക മേഖലയിലെ യന്ത്രവൽക്കരണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. കെ.ബഷീർ | | ശ്രീ.കെ.പി. മോഹനൻ (കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് കാർഷിക മേഖലയിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിലുള്ള നിലപാട് വ്യക്തമാക്കാമോ; <br><br> (ബി) കാർഷിക മേഖലയിലെ യന്ത്രവൽക്കരണ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) യും (ബി) യും | സംസ്ഥാനത്ത് കാർഷിക മേഖലയിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രി) ഓഫീസുകളുടെ പരിധിയിലായി 14 കസ്റ്റം ഹയറിംഗ് സെന്ററുകൾ സംസ്ഥാനത്തൊട്ടാകെ പ്രവർത്തിക്കുന്നു. ബ്ലോക്കടിസ്ഥാനത്തിൽ 35 അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. നൂതന കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും കർഷകർക്ക് പരിചയപ്പെടുത്തുന്ന പദ്ധതികൾ നടന്നുവരുന്നു. പുതിയതായി രൂപീകരിക്കുന്ന കാർഷിക കർമ്മസേനയ്ക്കും യന്ത്രോപകരണങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ കർഷകർക്ക് ആനുകൂല്യ നിരക്കിൽ യന്ത്രങ്ങളും നൽകി വരുന്നു. കെല്ലോയ്ക്ക് 5 കസ്റ്റം ഹയറിംഗ് സെന്റർ ഉണ്ട്. |
| (സി) കാർഷിക മേഖലയിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളത്? | (സി) | സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി ചുവടെ പറയുന്ന പരിപാടികൾ ആസൂത്രണം ചെയ്തു വരുന്നുണ്ട്. |

1. പരിശീലനം, പരിശോധന, പ്രദർശനം ഇവയിലൂടെ കാർഷിക യന്ത്രവൽക്കരണം പ്രചരിപ്പിക്കുന്നതിനും, ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ.

2. വിളവെടുപ്പിനുള്ള സാങ്കേതിക വിദ്യകളുടെ പ്രദർശനം, പരിശീലനം, വിതരണം എന്നിവയ്ക്കുള്ള നടപടികൾ.

3. കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം നൽകൽ.

4. കസ്റ്റം ഹയറിംഗിനു വേണ്ടി ഫാം മെഷിനറി ബാങ്കുകൾ രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ.

5. കസ്റ്റം ഹയറിംഗ് സെന്ററുകൾ മുഖാന്തിരമുള്ള യന്ത്രവൽകൃത കൃഷി രീതികൾ വ്യാപിപ്പിക്കുന്നതിനായി ഉപഭോക്താക്കൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ.

സെക്ഷൻ ഓഫീസർ